21/03/22

9/3/22


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 125*(7)/2015*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **781**/*എസ്.ഐ.സി-ജി 6/2015)*

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എബ്രഹാം ചാക്കോ,<br>കായപ്ളായ്ക്കൽ,<br>ഈരാറ്റുപേട്ട പി.ഒ.,<br>ഈരാറ്റുപേട്ട വില്ലേജ്,<br>കോട്ടയം ജില്ല. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>ജൂനിയർ സൂപ്രണ്ട്,<br>എൽ.എ(ജനറൽ), കോട്ടയം.<br><br>2. അപ്പീൽ അധികാരി&<br>സ്പെഷ്യൽ തഹസിൽദാർ,<br>എൽ.എ(ജനറൽ), കോട്ടയം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.09.2014,04.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.01.2015 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എബ്രഹാം ചാക്കോ,

12.01.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 16.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.125(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപൂർണ്ണമാണെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേലും തൃപ്തികരമായ വിവരങ്ങൾ ലഭ്യമായില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 11.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയുടെ ആവശ്യത്തിലേയ്ക്ക് സർക്കാർ ഏറ്റെടുത്ത സർവ്വേ 373/11 എന്ന ഡിവിഷൻ ഭാഗത്തിന്റെ വിസ്തീർണ്ണം എത്രയെന്നും

2) റവന്യൂ സർവ്വെ റിക്കാർഡുകൾ പ്രകാരം ടി വസ്തുവിന്റെ ഇനം/തരം (നിലം/പുരയിടം/മറ്റേതെങ്കിലും)

3) ടി LAR കേസിന്റെ അവാർഡ് തീയതിയും നമ്പരും നാളിതുവരെയുള്ള കൈമാറിയ ആകെ തുകയും വ്യക്തമാക്കണമെന്നും

4) ടി അവാർഡ് പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് ടി അവാർഡ് തുകയുടെ അപര്യാപ്തത കാണിച്ചും മാർക്കറ്റ് വാല്യു അനുസരിച്ച് അധിക തുക അവകാശപ്പെട്ടും ടിയാൻമാർ ഹാജരാക്കിയ ഒബ്ജക്ഷന്റെ പകർപ്പ് ടി ഫയൽ പരിശോധിച്ച് നൽകണമെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 05.09.2014ന് മറുപടി നൽകുകയും തുടർന്ന് 04.10.2014ന് ഹർജിക്കാരൻ ആവശ്യപ്പെട്ട റിക്കാർഡുകളുടെ പകർപ്പുകൾ അയച്ചുകൊടുത്തുവെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 06.11.2014ന് മറുപടി നൽകിയതായും കാണുന്നു.

4. 12.02.2015ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 50ൽ റീ സർവ്വെ 373/6ൽ നിന്നും 373/11 സബ് ഡിവിഷനായി പൊന്നുംവിലയ്ക്ക് എടുത്ത വസ്തുവിന്റെ വിശദാംശ ങ്ങൾ സംബന്ധിച്ച് ഹർജിക്കാരൻ നൽകിയ അപേക്ഷ 12.08.2014ന് ടി ഓഫീ സിൽ ലഭിച്ചിട്ടുള്ളതും പൊന്നും വില നടപടി സംബന്ധിച്ച ഫയൽ (എൽ.എ.സി.11) പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഹർജി ക്കാരന് 05.09.2014ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും ഫയലിലെ രേഖകൾ ലഭിക്കുന്നതിന് പേജ് ഒന്നിന് 2 രൂപ നിരക്കിൽ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചുവെന്നും എന്നാൽ ടി മറുപടിയിൽ ഫയലിൽ ആധാരമോ പകർപ്പോ ലഭ്യമല്ലെന്ന് വിവരം ചേർക്കാൻ വിട്ടുപോയെന്നുമാണ്. 05.09.2014ലെ എസ്.പി.ഐ.ഒ. യുടെ മറുപടിയ്ക്കെതിരെ 15.10.2014ന് ടിയാൻ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ.യേയും ഹർജിക്കാരനേയും 29.10.2014ന് നേരിൽ കേൾക്കുകയും ടി വിഷയം സംബന്ധിച്ച് ഓഫീസിൽ ഇപ്പോൾ ലഭ്യമായ റിക്കാർഡുകൾ സംബന്ധിച്ചും ടിയാൻ ആവശ്യപ്പെട്ട 974/1973 ആധാരമോ അതിന്റെ പകർപ്പോ ടി ഓഫീസിൽ ഇപ്പോൾ ലഭ്യമല്ലെന്നുള്ള വിവരം ഹർജിക്കാരനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും കൂടാതെ ഫയലിലെ റിക്കാർഡുകളായ കരം ഒടുക്കിയ രസീത്(1 പേജ്) കൈവശ സർട്ടിഫിക്കറ്റ് (1 പേജ്) ബാധ്യതാ സർട്ടിഫിക്കറ്റ് (2 പേജ്) ക്ളെയിം സ്റ്റേറ്റ്മെന്റ് (3 പേജ്) എന്നിവയുടെ പകർപ്പ് പേജൊന്നിന് 2/- രൂപ നിര ക്കിൽ 7 പേജിന് 14/- രൂപ ഈടാക്കി പകർപ്പുകൾ ഹർജിക്കാരന് നൽകിയി ട്ടുണ്ടെന്നും ആധാരമോ പകർപ്പോ ലഭ്യമല്ലാത്തതിനാൽ ആയതിന്റെ പകർപ്പ് നൽകുവാൻ സാധിച്ചിട്ടില്ലെന്നും അവ നൽകുന്നതിനായി ഫീസോ മറ്റ് അധിക ചാർജ്ജോ ഈടാക്കിയിട്ടില്ലെന്നുമാണ്. കൂടാതെ വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ ടി ഓഫീസിൽ ലഭ്യമായ എല്ലാ വിവരങ്ങളും രേഖകളുടെ പകർപ്പും നൽകിയിട്ടുണ്ടെന്നുമാണ് അറി യിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച ആധാരം ടി ഓഫീസിൽ ലഭ്യല്ലെന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതെന്നും ഇപ്രകാരം ടി ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾക്കായി വിവരാവകാശ നിയമം 6(3)വകുപ്പു പ്രകാരം 5ദിവസത്തിനകം എസ്.ആർ.ഒ. ഈരാറ്റുപേട്ടയിലേയ്ക്ക് കൈമാറണമെന്നിരിക്കെ അപ്രകാരം ഒന്നാം എതിർകക്ഷി ചെയ്തിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പ്രസ്തുത എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു.

6. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)